പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3806 | 12.12.2018 -ൽ മറുപടിയ്ക്ക്

## കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

മറുപടി

**പിണറായി വിജയൻ**

(മുഖ്യമന്ത്രി)

(എ) അഴിമുഖത്തും പൊഴിമുഖത്തും പ്ലാസ്റ്റിക് മാലിന്യങ്ങൾ വർദ്ധിച്ചത് കാരണം കായലിൽ നിന്നും സുഗമമായ രീതിയിൽ അഴിമുഖം വഴി കടലിലേക്ക് ജലം കടന്ന് പോകുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) തോടുകളിലും പുഴകളിലും നദികളിലും കായലുകളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) കടലിലേക്ക് പൊഴികൾ വഴി എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യം എക്കൽ/മണൽ എന്നിവയുമായി കലർന്ന് നീരൊഴുക്കിന്റെ വേഗത കുറയ്ക്കുന്നുണ്ട്.

(ബി) & (സി) നദികൾ/കായലുകൾ എന്നിവ വഴി കടലിലേക്ക് എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നപ്രവർത്തനം നടന്നുവരുന്നു. ഇതോടൊപ്പം നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽ കമ്പിവല കൊണ്ടുള്ള വേലി നിർമ്മിച്ച് മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജലസ്രോതസ്സുകളിൽ മാലിന്യനിക്ഷേപം തടയുന്നതിന്റെ ഭാഗമായി ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്ന നിയമ ഭേദഗതിയും കൊണ്ടു വന്നിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും വിധിക്കും വിധമാണ് നിയമത്തിൽ മാറ്റം വരുത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഡി) | ശംഖുംമുഖം പോലുള്ള കടൽത്തീരങ്ങൾ കടലെടുക്കുന്നകാര്യംപരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ കടലെടുത്ത തീരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. കേരളത്തിന്റെ തീരപ്രദേശത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റുമൂലവും, 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയവും കാരണം കേരളകടൽ തീരങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട തീരങ്ങൾ **അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ഇ) | കടൽത്തീരങ്ങൾ സംരക്ഷിക്കുവാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;ഇതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ;വിശദവിവരം ലഭ്യമാക്കുമോ; | (ഇ) | കടൽത്തീരങ്ങൾ സംരക്ഷിക്കുന്നതിന് പ്രധാനമായും കടൽഭിത്തി/പുലിമുട്ടുനിർമ്മാണം, തകർന്ന കടൽഭിത്തിയുടെ, പുനരുദ്ധാരണം എന്നി പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. കൂടാതെ ജിയോ ട്യൂബ് ഉപയോഗിച്ചും കടൽഭിത്തി നിർമ്മാണം നടത്താറുണ്ട്. മേൽപ്പറഞ്ഞപ്രവൃത്തികൾ കടൽത്തീരത്തിന്റെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.കൂടാതെഅടിയന്തിരഘട്ടങ്ങളിൽ Rubble Mount Wall നിർമ്മിച്ചും താൽകാലിക പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യാറുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി Plan head ൽ 46 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (എഫ്) | പ്രസ്തുത നടപടികൾക്ക് ചുമതലപ്പെട്ട വകുപ്പ് ഏതാണെന്നുള്ള വിവരം ലഭ്യമാക്കുമോ? | (എഫ്) | നിലവിൽ കേരളത്തിലെ കടൽത്തീരങ്ങളുടെ സംരക്ഷണം പ്രധാനമായും ജലസേചന വകുപ്പിന്റെ കീഴിലാണ്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ചില സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് - ശിങ്കാരത്തോപ്പ്, പൂന്തുറ, ബീമാപള്ളി,ചെറിയതുറ, വലിയതുറ, അഞ്ചുതെങ്ങ്, കൊല്ലം ജില്ലയിൽ ഇരവിപുരം, കളത്തിപ്പടം, ചാണക്കഴികം, ഗാർഫിൽ നഗർ, കച്ചിക്കടവ്, കാക്കത്തോപ്പ്, ചെറിയഴീക്കൽ, ശ്രായിക്കാട് പണ്ടാരതുരുത്ത്, നീണ്ടകര, കോവിൽത്തോട്ടം, കരിത്തുറ, ആലപ്പുഴ ജില്ലയിൽപെരുമ്പള്ളി, നല്ലാനിക്കൽ, മാധവമുക്ക്, വണ്ടാനം, ഓമനപ്പുഴ, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പാന്നൂർ, കാക്കാഴം വളഞ്ഞവഴി,നീർക്കുന്നം,വലയഴീക്കൽ, ആറാട്ടുവഴി, അന്ധകാര നാഴി, പള്ളിത്തോട് ചാപ്പക്കടവ്,തറയിൽക്കടവ്, ചേന്നവേലി, തിരുവിഴ, ആയിരംതൈ, ഒറ്റമശ്ശേരി, പുന്നപ്ര, പാതിരപ്പള്ളി എറണാകുളം ജില്ലയിൽ ചെല്ലാനം ബസാർ, വേളാങ്കണ്ണി, ഉപ്പാത്തിക്കാടി കമ്പനിപ്പടി, നായരമ്പലം, വൈപ്പിൻ, ചെറായി, വെളിയത്തും പറമ്പ്, വാച്ചയ്ക്കൽ, ചെറായി, മുനമ്പം.തൃശ്ശൂർ ജില്ലയിൽ എങ്ങണ്ടിയൂർ, വാടാനപ്പള്ളി, എറിയാടി, എടവിലങ്ങാട് ശ്രീനാരായണപുരം.മലപ്പുറം ജില്ലയിൽ വളപ്പിൽ, എടക്കടപ്പുറം, ചാപ്പപ്പടി, പുത്തൻ കടപ്പുറം, തെക്കേ കടപ്പുറം, ചീരാൻ കടപ്പുറം, ആലിങ്ങൽ ബീച്ച്, മുറിത്തോട്, പറപ്പാൽ,പൊന്നാനി,മൈലാഞ്ചിക്കാട്, കോഴിക്കോട് ജില്ലയിൽ അഴിയൂർ, ഒഞ്ചിയം ചോറോട്, വടകര, ചേമഞ്ചേരി, പൊയിൽക്കാവ് ഫിഷിങ്ങ്ഗാപ്പ്, ഗുരുകുലം ബീച്ച്, കോളംതോട് ബീച്ച്, പാറപ്പള്ളി ബീച്ച്, ഇരിങ്ങൽ ബീച്ച്, തോപ്പയിൽ കോളനി, ശാന്തിനഗർ കോളനി, പുതിയങ്ങാടി, കോതി സൗത്ത് ബീച്ച്, ഗോതീശ്വരം, മാറാട്, കടലുണ്ടിക്കടവ്, വാക്കടവ്, കപ്പങ്ങാടി.കണ്ണൂർ ജില്ലയിൽ വലിയകടപ്പുറം, പുതിയങ്ങാടി, ചൂട്ടാട്, മാട്ടൂൽ സൗത്ത്, അഴീക്കൽ മീൻകുന്ന് കടപ്പുറം, നീർക്കടവ്, പയ്യാമ്പലം, പാലിശ്ശേരി, തലശ്ശേരി, പരിമഠം, കൊട്ടുവള്ളി - മണക്കാ ദ്വീപ്, മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച്, ഏഴരക്കടപ്പുറം, കിഴുന്ന, തൈയ്യിൽ മൈതാനപ്പള്ളി.കാസർഗോഡ് ജില്ലയിൽ ചേരങ്കായി കടപ്പുറം, മഞ്ചേശ്വരം മുസ്സോടി കടപ്പുറം എന്നിവയാണ്.

സെക്ഷൻ ഓഫീസർ